(സി) വരുമാന പരിധി കണക്കാക്കിക്കൊണ്ടുള്ള സർട്ടിഫിക്കറ്റിന്റെ കാലപരിധി എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിലേയ്ക്കുള്ള നിയമനങ്ങൾക്ക് 3.00 ലക്ഷം രൂപയും കേന്ദ്ര സർവ്വീസിലേയ്ക്കുള്ള നിയമനങ്ങളിൽ 2.5 ലക്ഷം രൂപയും ആണ്.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) പ്രസ്തുത ഉത്തരവിൽ കാലപരിധി നിഷ്കർഷിച്ചിട്ടില്ല.

നെയ്യാറ്റിൻകര താലൂക്കിലെ കൈത്തറി സഹകരണ സംഘങ്ങൾക്കെതിരെ ആർ. ആർ. നടപടി

15 [3185] ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര താലൂക്ക് തഹസിൽദാരുടെ 5-3-2004-ലെ ഡി 6/36/99 എന്ന നമ്പർ ഉത്തരവ് അനുസരിച്ച് എത്ര കൈത്തറി സഹകരണ സംഘങ്ങളുടെ മേൽ ആർ. ആർ. നടപടി ആരംഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉത്തരവിൻമേൽ ബന്ധപ്പെട്ട കൈത്തറി സഹകരണ സംഘങ്ങൾ ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഒ. പി. നമ്പർ 8397/96-ൽ ഹൈക്കോടതി ഉത്തരവ് എന്തായിരുന്നു;

(ഡി) തഹസിൽദാരുടെ ആർ. ആർ. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള തുകകളിൽ ഹൈക്കോടതി കുറവുവരുത്തുകയുണ്ടായോ;

(ഇ) ഹൈക്കോടതി കുറവു ചെയ്ത പ്രകാരമുള്ള തുക റിക്കവർ ചെയ്യേണ്ടതില്ലെന്ന് 2-7-2004-ലെ ഇ/4255 എന്ന കത്തിൽ തിരുവനന്തപുരം ജില്ലാ കൈത്തറി വെൽഫയർ ഓഫീസർ നെയ്യാറ്റിൻകര തഹസിൽദാരെ അറിയിച്ചിട്ടുണ്ടോ; അതനുസരിച്ച് പ്രസ്തുത തഹസിൽദാർ നടപടിയെടുത്തുവോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 191 സഹകരണ സംഘങ്ങളുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹു. ഹൈക്കോടതി ഒ. പി. നം. 6397/96 മുതൽ 74 എണ്ണത്തിലുള്ള കേസ്സിലെ വിധി ന്യായത്തിൽ കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 4(2) വകുപ്പുപ്രകാരം ഈടാക്കുന്ന വ്യാപാരി അംശാദായം നിയമപ്രകാരം നിലനിൽക്കില്ല എന്നും അംശാദായം ഈടാക്കുവാൻ പാടില്ല എന്നും ഉത്തരവായിട്ടുണ്ട്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മേൽ പറഞ്ഞ ഹൈക്കോടതി വിധി പ്രകാരം വ്യാപാരി അംശാദായം 74 സഹകരണ സംഘങ്ങൾക്ക് കുറവ് വരുത്തിയിട്ടുണ്ട്.

(ഇ) ജില്ലാ എക്സിക്യൂട്ടീവ് ആഫീസറുടെ 2-7-2004-ലെ ഇ 14-255 കത്തു പ്രകാരം പുന്നാവൂർ എച്ച്. ഡബ്ല്യൂ. സി. എസ്. ലിമിറ്റഡ് നം. എച്ച്. 9, കൂവളശ്ശേരി പി.ഒ.-യിൽനിന്നും വ്യാപാരി അംശാദായ തുകയായ 1,44,012 രൂപയും സി.സി.യും ഈടാക്കുവാൻ പാടില്ല എന്ന് അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം നടപടി എടുത്തിട്ടുമുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്ന് റോഡ് നിർമ്മാണം

16 [3186] ഡോ. തോമസ് ഐസക്:

ശ്രി. കെ. രാധാകൃഷ്ണൻ:

" വി. കെ. സി. മമ്മത് കോയ:

" മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്ന് റോഡ് നിർമ്മാണത്തിന് തുക അനുവദിക്കുന്നതിൽ നിലവിലുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള രീതിക്ക് മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) റോഡ് നിർമ്മാണത്തിന് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് അനുവദിക്കുന്നതിലും പണികൾ നടത്തുന്നതിലും ക്രമക്കേടുകൾ നടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

(ഡി) റോഡുകൾ നിശ്ചയിക്കുന്നതിലും പ്രവൃത്തികൾ നടത്തുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രസർക്കാരിന്റെ പതിനൊന്നാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്ന് തുക അനുവദിക്കുന്നത്. കേന്ദ്രസർക്കാരിന്റെ ഇതു സംബന്ധിച്ചുള്ള മാനദണ്ഡം അനുബന്ധം 1-ൽ ഖണ്ഡിക 16-ലും, സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം 2/4/2002-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 65/2002/ആർ.ഡി.-യിൽ ഖണ്ഡിക 14 (ജി)-യിലും വ്യക്തമാക്കിയിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly